പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1894 | 22-03-2012 - ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങൾക്ക് മത്സ്യഫെഡ് മുഖേന നൽകുന്ന വായ്പ**

ചോദ്യം | ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് വള്ളം, വല നഷ്ടപ്പെടൽ, പുതുക്കൽ തുടങ്ങിയ അടിയന്തിരാവശ്യങ്ങൾക്കായി മത്സ്യ ഫെഡ് മുഖേന നൽകുന്ന വായ്പയ്ക്ക് ഇപ്പോൾ ഏത് ഓഫീസിലാണ് അപേക്ഷ നൽകേണ്ടത്; | (എ) | മത്സ്യത്തൊഴിലാളികൾക്ക് വള്ളം, വല എന്നിവ വാങ്ങുന്നതിനുള്ള വായ്പാ അപേക്ഷ മത്സ്യത്തൊഴിലാളികൾ അംഗമായിട്ടുള്ള മത്സ്യഫെഡിന്റെ പ്രാഥമിക സഹകരണ സംഘത്തിലാണ് സമർപ്പിക്കേണ്ടത്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ഇത് എവിടെയായിരുന്നു; | (ബി) | മുൻ സർക്കാരിന്റെ കാലത്തും ഇതേ പ്രക്രിയ തന്നെയായിരുന്നു തുടർന്നു വന്നിരുന്നത്. |
| (സി) | ഇപ്പോൾ അത് മാറ്റിയെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | മാറ്റിയിട്ടില്ല |
| (ഡി) | ഈ ഗവൺമെന്റ് വന്നതിന് ശേഷം ഇത്തരത്തിൽ എത്ര അപേക്ഷ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (ഡി) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ആകെ 977 അപേക്ഷകൾ വിവിധ ജില്ലകളിലായി ലഭിച്ചു. |
| (ഇ) | ഇതിൽ വായ്പത്തുക പൂർണ്ണമായും കൊടുത്തത് എത്രയെണ്ണത്തിന് എന്ന് വ്യക്തമാക്കാമോ; | (ഇ) | 728 അപേക്ഷകൾക്ക് വായ്പത്തുക പൂർണ്ണമായും കൊടുത്തു. |
| (എഫ്) | തീരുമാനമാകാതെ കിടക്കുന്നത് മൊത്തത്തിൽ എന്തു തുകയ്ക്കുള്ള അപേക്ഷകളാണെന്ന് വ്യക്തമാക്കാമോ; | (എഫ്) | 6.90 കോടി രൂപയുടെ അപേക്ഷകൾ തീരുമാനിക്കാതെ മത്സ്യഫെഡിന്റെ 10 ജില്ലാ ഓഫീസുകളിൽ ഉണ്ട്. |

| | | | |
|---|---|---|---|
| (ജി) | പ്രസ്തുത വായ്പ അനുവദിക്കുന്നത് ഏതെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ; വ്യക്തമാക്കാമോ? | (ജി) | അതേ; മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:<br>(എ)അപേക്ഷകനായ മത്സ്യത്തൊഴിലാളി ആ പ്രദേശത്തെ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിലെ അംഗമായിരിക്കണം.<br>(ബി) സംഘം മുഖേനയുള്ള മത്സ്യലേലത്തിൽ പങ്കെടുക്കണം.<br>(സി) സംഘത്തിൽനിന്ന് മുൻപ് എടുത്തിട്ടുള്ള വായ്പയുടെ 75% എങ്കിലും തിരിച്ചടച്ചിരിക്കണം.<br>(ഡി) സഹകരണ ആക്ട് അനുശാസിക്കുന്ന എല്ലാ നടപടിയും അനുവർത്തിച്ചിരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ